(ബി) & (സി) ഐ.സി.ഡി.എസ്. ഒരു കേന്ദ്രാവിഷ്കൃത പദ്ധതി ആയതിനാൽ അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നകാര്യം കേന്ദ്ര സർക്കാരാണ് തീരുമാനിക്കേണ്ടത്. കേന്ദ്ര സർക്കാർ ഓണറേറിയം വർദ്ധിപ്പിക്കുന്ന അവസരങ്ങളിൽ സംസ്ഥാന സർക്കാർ വിഹിതവും നൽകിവരുന്നുണ്ട്.

അംഗൻവാടികളിലെ വർക്കർമാരുടെയും ഹെൽപ്പർമാരുടെയും മക്കൾക്ക് ആശ്രിത നിയമനം

19 [1336] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള അംഗൻവാടികളിലെ ഹെൽപ്പർമാരും വർക്കർമാരും സേവനം നടത്തിക്കൊണ്ടിരിക്കെ മരണപ്പെട്ടാൽ അർഹരായ മക്കൾക്ക് ജോലി കൊടുക്കുന്ന സംമ്പ്രദായം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഐ.സി.ഡി.എസ്. പ്രോജക്ടിൽ സേവനമനുഷ്ടിച്ച അംഗനവാടി ഹെൽപ്പർ, വർക്കർ തസ്തികയിലുള്ളവരുടെ മക്കൾ ആരെങ്കിലും ഇത്തരത്തിൽ പോസ്റ്റിംഗ് കിട്ടുവാൻ അപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പോസ്റ്റിംഗ് കൊടുക്കുവാൻ കാലതാമസം എന്താണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിലവിലുണ്ട്. ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. †

(ബി) ഉണ്ട്. ബാലുശ്ശേരി ഐ.സി.ഡി.എസ്. പ്രോജക്ടിലെ സ്ഥിരം ഹെൽപ്പറായിരിക്കെ മരണമടഞ്ഞ ശ്രീമതി വി. നാണിയുടെ മകൾ ശ്രീമതി വി. രൂപശ്രീ അപേക്ഷ നൽകിയിരുന്നു. അപേക്ഷയിൽ കാണപ്പെട്ട അപാകതകൾ പരിഹരിച്ച് ലഭ്യമായതിനെ തുടർന്ന് സാമൂഹ്യക്ഷേമ ഡയറക്ടർ 2-7-2005-ൽ ടിയാൾക്ക് നിയമന ഉത്തരവ് പറപ്പെടുവിച്ചിട്ടുണ്ട്.

സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ നടപടി

20 [1337] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികളുടെ എണ്ണമെത്രയെന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly